# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5253, 02/07/2013-ൽ മറുപടിക്ക്

## പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.വിൻസെന്റ്<br>ശ്രീ. എ.പി അബ്ദുള്ളക്കുട്ടി<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. പാലോട് രവി | ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ.കെ.എം.മാണി |
| (എ) പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | ആധുനിക ജനാധിപത്യ ഭരണ സംവിധാനങ്ങളെല്ലാം വിവിധ മേഖലകളിൽ കുറ്റമറ്റ രീതിയിലുള്ള നയരൂപീകരണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ശാസ്ത്രീയ ഗവേഷണ സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താറുണ്ട്. സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നങ്ങൾക്ക് ആവശ്യമായ സമഗ്രമായ നയരൂപീകരണത്തിനും ആഗോളചലനങ്ങൾക്കും മാറുന്ന പ്രവണതകൾക്ക് അനുസരണമായി പ്രവർത്തനങ്ങളെല്ലാം തന്നെ പുന: സംഘടിപ്പിക്കുകയും വീണ്ടും ക്രമപ്പെടുത്തുകയും ചെയ്ത് കേരളത്തെ അഭിവൃദ്ധിയിലേക്ക് നയിക്കാൻ വേണ്ടിയാണ് സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് മാതൃകയിൽ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ 13/02/2013-ൽ സർക്കാർ തീരുമാനമായത്. കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കാനായി ഈ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുന്നതാണ്. മികച്ച വിദ്യാഭ്യാസ വിദഗ്ധരുടെയും ഭരണതന്ത്രജ്ഞരുടെയും നിയമവിദഗ്ധരുടെയും സേവനം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി വിനിയോഗിക്കേണ്ടതുണ്ട്. |

| | |
|---|---|
| (ബി) എന്തെല്ലാം സൗകര്യങ്ങളാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന ലഭിക്കുന്നത് ; വിശദമാക്കുമോ? | സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നങ്ങൾക്ക് ആവശ്യമായ സമഗ്രമായ നയരൂപീകരണത്തിന് ഈ സ്ഥാപനം പ്രവർത്തിക്കും. കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കാനായി ഈ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുക്കും. തൊഴിലില്ലായ്മ, ശുചിത്വപരിപാലന പ്രശ്നങ്ങൾ, മാലിന്യ നിർമാർജനം, പൊതുസേവന പ്രസ്ഥാനങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങി എല്ലാ മേഖലകളിലെയും പ്രശ്നങ്ങൾ ഏറ്റെടുത്ത് പഠന ഗവേഷണങ്ങൾ നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**